# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ.54** **29.05.2019-ൽ മറുപടിക്ക്**

### വൈദ്യുതി പ്രസരണ ശൃംഖലയുടെ ശാക്തീകരണം

| | ചോദ്യം<br>ശ്രീ മുരളി പെരുനെല്ലി.<br>" ബി.ഡി. ദേവസ്സി<br>" കെ. ദാസൻ<br>" കെ.കുഞ്ഞിരാമൻ | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്തുണ്ടായ അസാധാരണമായ കടുത്ത ചൂട് മൂലം വൈദ്യുതി ഉപഭോഗത്തിൽ വൻതോതിൽ വർദ്ധനവുണ്ടായിട്ടും നിയന്ത്രണമോ പവർകട്ടോ ഇല്ലാതെ വൈദ്യുതി ലഭ്യമാക്കാൻ നടത്തിയ ആസൂത്രണവും മുന്നൊരുക്കവും വിശദമാക്കാമോ; | (എ) | സംസ്ഥാനത്തിന്റെ ഊർജ്ജാവശ്യകത നിറവേറ്റുന്നതിന് വേണ്ടി, ആഭ്യന്തര ഉല്പാദനത്തിന് പുറമേ, നിലവിൽ സംസ്ഥാനത്തിനു പുറത്തുള്ള സ്വതന്ത്ര ഉല്പാദകരിൽ നിന്നും 1215 മെഗാവാട്ട് വൈദ്യുതിക്കുള്ള ദീർഘകാലകരാറുകളിലും, കേന്ദ്രവൈദ്യുത നിലയങ്ങളിൽ നിന്നും 1724 മെഗാവാട്ട് വൈദ്യുതിക്കുള്ള ദീർഘകാലകരാറുകളിലും, കെ. എസ് ഇ. ബോർഡ് ലിമിറ്റഡ് ഏർപ്പെട്ടിട്ടുണ്ട്. എന്നാൽ 2019 ലെ വേനൽക്കാലത്തെ വർദ്ധിച്ച വൈദ്യുതി ആവശ്യകത നിറവേറ്റാൻ ഈ കരാറുകൾക്ക് പുറമേ അധിക വൈദ്യുതി കണ്ടെത്തേണ്ടതുണ്ടെന്ന് മുൻകൂട്ടി തന്നെ കണക്കാക്കി ആവശ്യമായ കരുതൽ നടപടികൾ സ്വീകരിക്കുകയുണ്ടായി. 2019 മാർച്ച് മാസം മുതൽ തന്നെ, കേരളത്തിലെ ശരാശരി ദൈനംദിന വൈദ്യുതി ഉപഭോഗം മുൻസർവ്വകാല റെക്കോർഡായ 80.94 ദശലക്ഷം യൂണിറ്റും 4011 മെഗാവാട്ടും കവിഞ്ഞിരുന്നു. കേരളത്തിലെ സർവ്വകാല റിക്കോർഡായ 88.1 ദശലക്ഷം യൂണിറ്റിന്റെയും, 4316 മെഗാവാട്ടിന്റെയും വൈദ്യുതി ഉപഭോഗവും രേഖപ്പെടുത്തിയിരിക്കുന്നത് 2019 ഏപ്രിൽ മാസത്തിലാണ്.<br><br>ഇപ്രകാരമുള്ള വർദ്ധിച്ച വൈദ്യുതി ഉപഭോഗം മുന്നിൽ കണ്ട്കൊണ്ട്, 2019 വേനൽക്കാലത്തേയ്ക്ക് ആവശ്യമുള്ള അധിക വൈദ്യുതി ലഭ്യമാക്കുന്നതിന് വേണ്ടി, കെ. എസ്. ഇ. ബോർഡ് ലിമിറ്റഡ് നടത്തിയ ആസൂത്രണങ്ങളും മുന്നൊരുക്കങ്ങളും താഴെ കാണിച്ച പ്രകാരമാണ്.<br><br>(1) ആഭ്യന്തര ജലവൈദ്യുതി നിലയങ്ങളിൽ നിന്നുള്ള വൈദ്യുതി ഉല്പാദനം കാര്യക്ഷമമായി |

ക്രമീകരിക്കുക വഴി, പദ്ധതി പ്രദേശങ്ങളിലെ വൈദ്യുതി ഉല്പാദനത്തിനുള്ള ജലം വേനൽക്കാലത്തെ അധിക ഉല്പാദനത്തിനായി സംഭരിച്ച് വെയ്ക്കുക.

(2) 2018 ലെ കാലവർഷത്തിൽ, ജലവൈദ്യുത നിലയങ്ങളിലെ പദ്ധതി പ്രദേശത്ത് ലഭിച്ച അധിക നീരൊഴുക്ക് മൂലമുള്ള അധിക വൈദ്യുതി ഉല്പാദനം മറ്റ് സംസ്ഥാനങ്ങളുമായി ബാങ്കിംഗിൽ ഏർപ്പെട്ട് തിരികെ വേനൽക്കാലത്ത് ലഭ്യമാക്കുക.

(3) വേനൽക്കാലത്ത് ആവശ്യമായ അധിക വൈദ്യുതി മറ്റ് സംസ്ഥാനങ്ങളുമായി ബാങ്കിംഗിൽ ഏർപ്പെട്ട് കണ്ടെത്തുകയും ഇപ്രകാരം ലഭ്യമായ വൈദ്യുതി അടുത്ത കാലവർഷ കാലയളവിൽ തിരികെ നൽകുക.

(4) നിലവിലെ കരാറുകളിൽ നിന്നുമുള്ള വൈദ്യുതിയും, ആഭ്യന്തര ഉല്പാദനത്തിലും വരുന്ന കുറവ് നികത്താനായി ദൈനംദിന ആവശ്യങ്ങൾക്ക് പവർ എക്സ്ചേഞ്ചിൽ നിന്നും താരതമ്യേന കുറഞ്ഞ നിരക്കിൽ വൈദ്യുതി വാങ്ങുക.

(5) ദീർഘകാലകരാറുകളിൽ നിന്നുമുള്ള വൈദ്യുതി വേനൽക്കാലത്ത് മുടങ്ങാതെ ലഭിക്കുന്നതിന് വേണ്ടി, സ്വതന്ത്ര വൈദ്യുതി ഉല്പാദകർക്ക് നിരന്തരമായി നിർദ്ദേശങ്ങൾ നൽകി വേനൽക്കാലത്ത് വൈദ്യുതിയുടെ ലഭ്യത ഉറപ്പ് വരുത്തുകയും, വേനൽക്കാലത്തെ ജനറേറ്ററുകളുടെ അറ്റകുറ്റ പണികൾ മാറ്റിവെയ്ക്കുന്നതിനുള്ള ക്രിയാത്മകമായ ഇടപെടലുകൾ നടത്തുകയും ചെയ്തിട്ടുണ്ട്.

(6) സംസ്ഥാനത്തിനു പുറത്തു നിന്നും SWAP വഴിയും power exchange വഴിയും കുറഞ്ഞ നിരക്കിൽ പവർ ലഭ്യമാക്കുകയും സംസ്ഥാനത്തിന് അർഹതപ്പെട്ട പ്രസരണ ഇടനാഴിയുടെ ഫലപ്രദമായ ഉപയോഗം മൂലവും ജലവൈദ്യുതിയുടെ ഉപഭോഗം, ആസൂത്രണം ചെയ്ത നിലയിൽ നിന്നും അസ്ഥിരപ്പെടുത്താതെ നിറവേറ്റുവാൻ സാധിച്ചു.

വൈദ്യുതി ആവശ്യകതയും ലഭ്യതയും, ഡാമുകളിലെ ജലനിരപ്പ്, കാലാവസ്ഥ വ്യതിയാനം, വോൾട്ടേജ് കമ്മിപ്രശ്നം, ആഭ്യന്തര വൈദ്യുത നിലയങ്ങളുടെ

| | | | |
|---|---|---|---|
| | | | ഉത്പാദനം എന്നിവ സമയാസമയം ബോർഡ് മാനേജ്മെന്റ് തലത്തിൽ തന്നെ വിശകലനം ചെയ്ത് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസരണ ലൈനുകളുടെയും ആഭ്യന്തര ഉത്പാദന കേന്ദ്രങ്ങളിലെയും അറ്റകുറ്റപ്പണി മാസംതോറും നടത്തുന്ന കോ-ഓർഡിനേഷൻ മീറ്റംഗിൽ സമന്വയിപ്പിക്കുക വഴി വൈദ്യുത പ്രസരണ വിതരണ തടസ്സങ്ങൾ പരമാവധി ഒഴിവാക്കാൻ സാധിച്ചു.<br>ഈ വേനൽക്കാലത്ത് പ്രസരണ വിതരണ ശൃംഖലയും അവയുടെ ഉപകരണങ്ങളും ശേഷിയുടെ പരമാവധി വിനിയോഗിക്കുകയുണ്ടായെങ്കിലും തടസ്സം കൂടാതെ ഗുണമേന്മയുള്ള വൈദ്യുതി ഉപഭോക്താക്കൾക്ക് നൽകുവാൻ കഴിഞ്ഞു. |
| (ബി) | സംസ്ഥാനത്തിനാവശ്യമായ വൈദ്യുതിയുടെ എഴുപത് ശതമാനവും സംസ്ഥാനത്തിന് പുറത്തു നിന്ന് കൊണ്ടുവരേണ്ടതിനാൽ പ്രസരണ ശൃംഖലയുടെ ശാക്തീകരണത്തിന് മുൻഗണനാടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചിരുന്നോ; വിശദാംശം അറിയിക്കാമോ; | (ബി) | സംസ്ഥാനത്തിനാവശ്യമായ വൈദ്യുതി എഴുപത് ശതമാനവും സംസ്ഥാനത്തിനു പുറത്തുനിന്നു കൊണ്ടുവരേണ്ടതിനാൽ പ്രസരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനായി നടപടികൾ കൈക്കൊണ്ടിരുന്നു.<br>കൂടംകുളം ആണവോർജ്ജ നിലയത്തിൽ നിന്നും വൈദ്യുതി എത്തിക്കാനായി 400 കെ.വി ഇടമൺ-കൊച്ചി പ്രസരണ ഇടനാഴിയുടെ നിർമ്മാണം അവസാനഘട്ടത്തിലാണ്. കൂടുതൽ വൈദ്യുതി പുറത്തുനിന്നും ലഭ്യമാക്കുന്നതിന് കോറിഡോർ ലഭ്യത ഉറപ്പാക്കുന്നതിനായി 2000 മെഗാവാട്ട് ശേഷിയുള്ള പുഗലൂർ-മാടക്കത്തറ HVDC Link PGCIL നടപ്പിലാക്കുന്നു.<br>ഇതു കൂടാതെ ഉടുപ്പി – മൈലാട്ടി 400 കെ വി പ്രസരണ ശൃംഖലയും അനുബന്ധമായി കാസർഗോഡ് ജില്ലയിൽ ഒരു 400 കെവി സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനും ഉള്ള അനുമതി CEA യിൽ നിന്നും ലഭ്യമായിട്ടുണ്ട്.<br>400 കെ വി നിലവാരത്തിലുള്ള പ്രസരണ ശൃംഖല കേരളത്തിലുടനീളം സ്ഥാപിച്ച് പ്രസരണ നഷ്ടം കുറയ്ക്കുന്നതിനും പ്രസരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനുമായി കെ.എസ്.ഇ.ബോർഡ് ലിമിറ്റഡ് 6375 കോടി അടങ്കൽ തുകയുള്ള ദീർഘകാല പ്രസരണ പദ്ധതിയായ ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിക്ക് അനുമതി നൽകിയിരുന്നു. ഇതിന്റെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെട്ട പദ്ധതികളുടെ നിർമ്മാണം പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്.<br>കൂടാതെ പ്രസരണശൃംഖല ശക്തിപ്പെടുത്തു ന്നതിനും പ്രസരണ നഷ്ടം കുറയ്ക്കുന്നതിനുമായി പുതിയ സബ്സ്റ്റേഷനുകളുടെ നിർമ്മാണം, നിലവിലെ |

| | | | |
|---|---|---|---|
| | | | പ്രസരണ ലൈനുകൾ ഉയർന്ന വോൾട്ടതയിലേയ്ക്ക് ഉയർത്തൽ, പുതിയ പ്രസരണ ലൈനുകളുടെ നിർമ്മാണം എന്നിവ നടപ്പിലാക്കി വരുന്നു. |
| (സി) | വൈദ്യുതി മീറ്ററുകളിൽ വളരെയധികം എണ്ണം കേടായിരിക്കുന്നത് വൈദ്യുതി വിതരണത്തിലൂടെ കെ. എസ്. ഇ. ബി. ലിമിറ്റഡിന് ലഭിക്കേണ്ട വരുമാനത്തിൽ ഏറെ ചോർച്ചയുണ്ടാക്കുന്നതിനാൽ ഇവ സത്വരമായി മാറ്റി സ്ഥാപിക്കാൻ പദ്ധതിയുണ്ടോ; സ്മാർട്ട് മീറ്ററുകളുടെ മേന്മ അറിയിക്കാമോ; ഇവ വ്യാപകമായി സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ? | (സി) | KSEBL- ൽ നിലവിലുള്ള ഉപഭോക്താക്കളുടെ മീറ്ററുകളിൽ 3.66% മാത്രമാണ് കേടായിരിക്കുന്നത്. കേടായ മീറ്ററുകൾ മാറ്റുന്നതിനും പുതിയ വൈദ്യുതി കണക്ഷൻ നൽകുന്നതിനും ആവശ്യമായ വിധത്തിൽ മീറ്ററുകൾ വാങ്ങി അതാതു സെക്ഷൻ ഓഫീസുകൾക്കു ലഭ്യമാക്കി കൊണ്ട് കേടായ മീറ്ററുകൾ മാറ്റി വയ്ക്കുന്ന നടപടികൾ ഊർജ്ജിത പ്പെടുത്തിയിട്ടുണ്ട് .<br>സ്മാർട്ട് മീറ്റർ നടപ്പാക്കുന്നതിലൂടെ, ഉപഭോക്താക്കൾക്ക് തങ്ങളുടെ വിശദമായ വൈദ്യുത ഉപഭോഗ രീതി, സമയം എന്നിവ ലഭ്യമാകുന്നു. ഇതുവഴി അവരവരുടെ വൈദ്യുത ഉപഭോഗക്രമം നേരിട്ട് നിയന്ത്രിക്കാനുള്ള സംവിധാനം ലഭ്യമാകുന്നു. കൂടാതെ, മീറ്റർ റീഡിംഗ് റിമോട്ട് ആയി എടുക്കാനും, വൈദ്യുതി ബന്ധം റിമോട്ടായി പുന:സ്ഥാപിക്കുകയോ, വിച്ഛേദിക്കുകയോ ചെയ്യാനുള്ള സംവിധാനവും ലഭ്യമാണ്. ഇപ്രകാരം, സ്മാർട്ട് മീറ്റർ ഘടിപ്പിക്കുന്നതു വഴി ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനും വൈദ്യുത വിതരണ രംഗത്ത് ഉയർന്ന കാര്യക്ഷമത ഉറപ്പുവരുത്തി പ്രസരണ വിതരണ നഷ്ടം കുറച്ചു കൊണ്ടുവരുന്നതിനും സാധിക്കുന്നതാണ്.<br>ഐ.പി.ഡി.എസ്. (സംയോജിത ഊർജ്ജ വികസന) പദ്ധതി പ്രകാരം ഐ.പി.ഡി.എസ്. പട്ടണങ്ങളിലെ 3.2 ലക്ഷം ഉപഭോക്താക്കളുടെ നിലവിലുള്ള മീറ്റർ മാറ്റി സ്മാർട്ട് മീറ്റർ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ തിരുവനന്തപുരം ജില്ലയിൽ കേശവദാസപുരം ഇലക്ട്രിക്കൽ സെക്ഷനിലെ എല്ലാ ഉപഭോക്താക്കൾക്കും സ്മാർട്ട് മീറ്റർ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ